# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 281 | 20.06.2018 – ൽ മറുപടിക്ക്

## ഭക്ഷ്യകമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിൽ ഭക്ഷ്യകമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ടോ; വ്യക്തമാക്കാമോ ;

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ 16 പ്രകാരം സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ചെയർപേഴ്സൺ | 1 |
| മെമ്പർമാർ | 5 |
| മെമ്പർ സെക്രട്ടറി | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| റേഷനിംഗ് ഇൻസ്പെക്ടർ | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 |
| ക്ലാർക്ക് | 5 |
| ഡ്രൈവർ | 2 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| സ്വീപ്പർ | 1 |

സംസ്ഥാന ഭക്ഷ്യ കമ്മീഷൻെറ മെമ്പർമാരിൽ 2 പേർ സ്ത്രീകളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. മെമ്പർമാരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽനിന്നും ഒരാൾ പട്ടിക വർഗ്ഗ വിഭാഗത്തിൽനിന്നുമുള്ള വ്യക്തിയുമായിരിക്കണമെന്നും നിയമം അനുശാസിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണം പ്രസ്തുത കമ്മീഷന്റെ മെമ്പർ സെക്രട്ടറി.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഭക്ഷ്യകമ്മീഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും ചെയ്യുക, നിയമത്തിൽ അനുശാസിക്കുന്ന വ്യവസ്ഥകളിന്മേലുള്ള അലക്ഷ്യമായ നടപടികൾ കണ്ടാലോ, പരാതികൾ ലഭിച്ചാലോ നടപടി എടുക്കുക, ഭക്ഷ്യ ഭദ്രതാനിയമം നടപ്പാക്കുന്നതിൽ സർക്കാരിന് ഉപദേശം നൽകുക, ഭക്ഷ്യ/പോഷകാഹാരം സംബന്ധിച്ചുള്ള സ്കീമുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്, വ്യക്തികളെ നിയമത്തിൽ പറഞ്ഞിട്ടുള്ള അവകാശങ്ങൾക്ക് പ്രാപ്തരാക്കുന്ന കാര്യങ്ങളിൽ സർക്കാരിനോ, സർക്കാരിന്റെ ഏജൻസികൾക്കോ, സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങൾക്കോ, പ്രസക്തമായ സേവനങ്ങൾ നൽകുന്ന സർക്കാർ ഇതര സ്ഥാപനങ്ങൾക്കോ ആവശ്യമായ ഉപദേശം നൽകുക, ജില്ലാ പരാതി പരിഹാര ആഫീസർമാരുടെ ഉത്തരവിന്മേലുള്ള അപ്പീൽ തീർപ്പാക്കുക, നിയമസഭയ്ക്ക് മുമ്പിൽ വയ്ക്കുവാനുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കുക മുതലായവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | സംസ്ഥാനത്ത് ഭക്ഷ്യകമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (സി) യും (ഡി) യും | 21.08.2015 ലെ സ.ഉ(കൈ)നം.23/15/ഭ.പൊ.വി.വ പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ 18-ാം അനുച്ഛേദ പ്രകാരം നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ സംസ്ഥാന ഭക്ഷ്യ കമ്മീഷനായി ചുമതലപ്പെടുത്താൻ കഴിയുമെന്നുള്ളതിനാൽ 13.10.2016 ലെ സ.ഉ(കൈ)നം.16/16/ഭ.പൊ.വി.വ പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിലവിൽവരുന്നത് വരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് നൽകിയിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിന് അനുസൃതമായി സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ നിലവിൽ വന്നതിന് ശേഷമേ കമ്മീഷനെ നിയമിക്കാൻ കഴിയൂ എന്നതിനാൽ സ്വതന്ത്ര ചുമതലയുള്ള കമ്മീഷനെ നിയമിച്ചിരുന്നില്ല. ചട്ടങ്ങൾ നിലവിൽ വന്ന സാഹചര്യത്തിൽ ഉടൻ തന്നെ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് കെ.റ്റി.ഡി.എഫ്.സി.യുടെ ഉടമസ്ഥതയിൽ തമ്പാനൂരിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. സമുച്ചയത്തിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഭക്ഷ്യകമ്മീഷൻ രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| (ഇ) | ഭക്ഷ്യകമ്മീഷൻ രൂപീകരിക്കുന്നതു വരെ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷന് ആ ചുമതലകൾ നിർവഹിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ ? | (ഇ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ 18-ാം അനുച്ഛേദ പ്രകാരം നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ സംസ്ഥാന ഭക്ഷ്യ കമ്മീഷനായി ചുമതലപ്പെടുത്താൻ കഴിയുമെന്നുള്ളതിനാൽ 13.10.2016 ലെ സ.ഉ(കൈ) നം.16/16/ഭ.പൊ.വി.വ പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിലവിൽവരുന്നത് വരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് നൽകിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*